(ബി) ഇത് ആർക്കൊക്കെ ആണെന്നും, ഏതൊക്കെ സ്ഥലങ്ങളിലാണെന്നും ഏതൊക്കെ സ്കൂളുകളാണെന്നും വിശദമാക്കാമോ;

(സി) പുതുതായി അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 498 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പുതുതായി അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം

153 [736] *ശ്രീ. റോഷി അഗസ്റ്റിൻ:*
,, *തോമസ് ചാഴികാടൻ:*
,, *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) പുതിയ എയ്ഡഡ് സ്കൂളുകൾ ആരംഭിക്കുവാൻ സർക്കാരിന് ഉദ്ദേശമുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പുതിയ എയ്ഡഡ് സ്കൂളുകൾ ആരംഭിക്കുവാൻ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം

154 [737] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly